68 (694) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘകാലങ്ങളായി താൽക്കാലിക തസ്തികകളിൽ സേവനം അനുഷ്ഠിച്ചുവരുന്ന ജീവനക്കാരെ സർക്കാർ സർവ്വീസിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അത്തരം ജീവനക്കാരുടെ കണക്ക് വിവിധ വകുപ്പുമേധാവികൾ മുഖേന സർക്കാർ ശേഖരിച്ചിട്ടുണ്ടോ;

(സി) ഇതിൻമേലുള്ള നടപടി എന്തായി എന്നു വിശദമാക്കുമോ?

ഉത്തരം

(എ) 1.11.87-നു മുമ്പ് നിയമിക്കപ്പെടുകയും 13.1.95-ൽ 7 വർഷം സർവ്വീസ് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ള സർക്കാർ സർവ്വീസിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും താത്ക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ജീവനക്കാരെ 9.3.95-ലെ സർക്കുലറിലെ നിബന്ധനകൾക്കു വിധേയമായി സർവ്വീസിൽ തുടരാൻ അനുവദിച്ചിട്ടുണ്ട്. ഇങ്ങനെയുള്ളവരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) 1.1.94-നുള്ളിൽ താത്ക്കാലിക സർവ്വീസിൽ പ്രവേശിക്കുകയും 1.11.97-ൽ മൂന്നു വർഷം പൂർത്തിയാക്കി സർവ്വീസിൽ തുടർന്നു വരുകയും ചെയ്യുന്ന ജീവനക്കാരുടെ വിവരം ശേഖരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനെതിരായി ഫയൽ ചെയ്ത 20042/98 നമ്പർ ഒ.പി. കേസ്സിൽ തീരുമാനമാകുന്നതുവരെ 9.3.95-ലെ ഗവൺമെന്റ് സർക്കുലറിന്റെ തുടർ നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

69 (695) കോടതികളിലെ നിയമനം

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ഉൾപ്പെടെയുള്ള കോടതിയിലേയ്ക്ക് ഏതാനും സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 24.9.98-ലെ ജി.ഒ.(എ).എ സ്.) 291/98/ഹോം നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഈ ഉത്തരവിൽ സംഭവിച്ചിട്ടുള്ള ചില പിശകുകൾമൂലം ഉത്തരവിന്റെ പൂർണ്ണമായ പ്രയോജനം കോടതികളിൽ ലഭ്യമാക്കാൻ കഴിയാതിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പിശകുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും കത്ത് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ തിരുത്തൽ വരുത്തിയ ഉത്തരവ് എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ വിവിധ കോടതികളിൽ (എം.എ.സി.ടി. ഉൾപ്പെടെയുള്ള സിവിൽ ജുഡീഷ്യൽ കോടതികളിൽ) വിവിധ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 24.9.98-ലെ ജി.ഒ.(എം.എസ്.) നമ്പർ 299/98 ഹോം നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി)-(ഡി) ഹൈക്കോടതി ചൂണ്ടിക്കാണിച്ച പിശകുകൾ പരിശോധിച്ച ശേഷം മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ ആവശ്യംവേണ്ട തിരുത്തലുകൾ വരുത്തിക്കൊണ്ട് 8.6.99-ലെ ജി.ഒ.(എം.എസ്.)92/99/ഹോം നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

70 (696) എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ എൽ.ഡി.കമ്പയിലർ, എൽ.ഡി. ഇൻവെസ്റ്റിഗേറ്റർമാരുടെ സ്ഥലംമാറ്റം

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ എൽ.ഡി. കമ്പയിലർ/ഇൻവെസ്റ്റിഗേറ്റർമാരുടെ അന്തർ ജില്ലാ സ്ഥലംമാറ്റങ്ങളെക്കുറിച്ച് 24.9.1983-ലെ 68057/എസ്.എച്ച്..83/ജി.എ.ഡി. നമ്പർ കത്തിലൂടെ വകുപ്പു അദ്ധ്യക്ഷന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പിലെ , അന്തർ ജില്ലാ സ്ഥലംമാറ്റങ്ങളും ഹെഡ്ക്വാർട്ടേഴ്സിലേയ്ക്കുള്ള സ്ഥലംമാറ്റങ്ങളും സംബന്ധിച്ച വിശദമായ രജിസ്റ്റർ സൂക്ഷിക്കാറുണ്ടോ;

(സി) 1991-ൽ ജി.ഒ.(പി.) 36/91/പി.ആന്റ്.എ.ആർ.ഡി. തീയതി 2.12.1991-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചശേഷം ആർക്കെങ്കിലും സീനിയോറിറ്റി നഷ്ടപ്പെടാതെ അന്തർജില്ലാ സ്ഥലംമാറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ആർക്കും നൽകിയിട്ടില്ല.

71 (697) തിരുമല-പുത്തൻകട റോഡിലെ ഗതാഗതക്കുരുക്ക്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുമല-പുത്തൻകട റോഡിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് വാഹനങ്ങൾ പാർക്കുചെയ്യുന്നതുകൊണ്ടും സന്ധ്യാസമയത്ത് ഇവിടെ ചന്ത കൂടുന്നതുകൊണ്ടും ഗതാഗതത്തിന് തടസ്സമുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly